"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ്- തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ പെരുമ്പഴുതൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 24 ൽ റീസർവ്വെ നമ്പർ 223/13 ൽപ്പെടുന്നതും, ചെമ്മരുതുംകോട് ചിറ്റടയാറ്റൂർ ശ്രീകണ്ഠൻ ശാസ്താക്ഷേത്രം കൈവശം വച്ചിരിക്കുന്നതുമായ 9.00 ആർ ഭൂമി, ടി. ഭൂമിയുടെ ആകെ ന്യായവിലയായ 178200/- രൂപയുടെ 5% ആയ 8910/- (എണ്ണായിരത്തി തൊള്ളായിരത്തിപത്ത് രൂപ മാത്രം) രൂപ ഈടാക്കി പതിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (യു) വകുപ്പ്

സ.ഉ.(കൈ) നം.53/2026/RD തീയതി,തിരുവനന്തപുരം, 05-02-2026

---

പരാമർശം:-

1. ചെമ്മരുതുംകോട് ചിറ്റടയാറ്റൂർ ശ്രീകണ്ഠൻ ശാസ്താക്ഷേത്ര സെക്രട്ടറിയുടെ അപേക്ഷ
2. 29.01.2020 ലെ സ.ഉ. (കൈ) നം. 40/2020/ആർ.ഡി.
3. ജില്ലാ കളക്ടറുടെ 20.05.2022, 20.02.2024, 21.05.2025 എന്നീ തീയതികളിലെ ബി.8/42918/2013 നമ്പർ കത്തുകൾ.
4. ലാൻറ് റവന്യൂ കമ്മീഷണറുടെ 19.07.2025 ലെ എൽ. ആർ/ 8620/2022-എൽ. ആർ. (ജെ.6) നമ്പർ കത്ത്
5. 09.08.2025 ലെ സ.ഉ(കൈ) നം. 240/2025-ആർ.ഡി.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ പെരുമ്പഴുതൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 24 ൽ റീസർവ്വെ നമ്പർ 223/13 ൽപ്പെടുന്നതും, ചെമ്മരുതുംകോട് ചിറ്റടയാറ്റൂർ ശ്രീകണ്ഠൻ ശാസ്താക്ഷേത്രം കൈവശം വച്ചിരിക്കുന്നതുമായ 12.55 ആർ ഭൂമി ടി. ക്ഷേത്രത്തിന്റെ പേരിൽ പതിച്ചു നൽകണമെന്ന് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പെരുമ്പഴുതൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 24 ൽ റീസർവ്വെ നമ്പർ 223/13 ൽപ്പെടുന്ന 12.55 ആർ ഭൂമി ടി. ക്ഷേത്രം കൈവശം വച്ചു വരുന്നുണ്ട്. എന്നാൽ ടി ഭൂമിയോടു ചേർന്ന് നീരാഴുക്കുള്ള തോട് സ്ഥിതി ചെയ്യുന്നതിനാൽ, ഭാവിയിലേക്കുള്ള വികസനത്തിനായി പൊതുജനതാൽപ്പര്യാർത്ഥം ടി തോട് പുറമ്പോക്കിൽ നിന്നും 5.2 മീറ്റർ വീതിയിൽ ഭൂമി മാറ്റിവച്ചിട്ടുള്ളതും, ശേഷിക്കുന്ന 9 ആർ ഭൂമി തോട് പുറമ്പോക്കിലുൾപ്പെടാത്തതും ടി തോടിനും, പതിവ് ഭൂമിക്കും ഇടയിലൂടെ റോഡ് കടന്നു പോകുന്നതുമാണെന്നും ആയതിനാൽ ടി. ഭൂമി പതിവിന് വിധേയമാക്കാമെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. പ്രസ്തുത ഭൂമി ബിടിആർ- പ്രകാരം സർക്കാർ പുറമ്പോക്കെന്നും, റിമാർക്സ് കോളത്തിൽ പഴിഞ്ഞിക്കുഴി ചിറ്റടയാർ കണ്ഠൻ ശാസ്താ ക്ഷേത്രം എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. നെയ്യാറ്റിൻകര പകുതിയിലെ സെറ്റിൽമെന്റ് രജിസ്റ്ററിൽ, ടി ഭൂമിയുടെ പഴയ സർവ്വെ നമ്പർ 536/1A എന്നത്

പുറമ്പോക്കായും, റിമാർക്സ് കോളത്തിൽ ക്ഷേത്രം എന്നും രേഖപ്പെടുത്തി കാണുന്നുണ്ട്. ടി സെറ്റിൽമെന്റ് രജിസ്റ്റർ പ്രസിദ്ധീകരിച്ചിട്ടുള്ളത് 1908 ലാണെന്ന് ആയതിനാൽ ടി ഭൂമിയിൽ പുരാതന കാലം മുതൽക്കേ ക്ഷേത്രം നിലവിലുണ്ടായിരുന്നു എന്നു കരുതാവുന്നതാണെന്നും നെയ്യാറ്റിൽകര തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും ടി ഭൂമിയിൽ ഇപ്പോഴും ക്ഷേത്രം സ്ഥിതി ചെയ്യുന്നുണ്ടെന്നും, കൃത്യമായി വരവു ചെലവു കണക്കുകൾ സൂക്ഷിക്കുന്നുണ്ടെന്നും, ടി ക്ഷേത്രം, 1622/13 നം. പ്രകാരം 22.10.2013 ൽ ട്രസ്റ്റായി രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്നും, ടി ക്ഷേത്രത്തിനോട് ചേർന്നു സ്ഥിതി ചെയ്യുന്ന കമ്മിറ്റി ഓഫീസിന്, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിൽ നിന്നും 12/452 നം. പ്രകാരം കെട്ടിട നമ്പർ നൽകിയിട്ടുണ്ടെന്നും, 2013 ൽ ട്രസ്റ്റ് രൂപീകരിച്ചതിനു ശേഷം, ഇന്നു കാണുന്ന രീതിയിൽ ആരാധനകളും, ഉത്സവങ്ങളും നടത്തി വരുന്നുണ്ടെന്നും, ടി ക്ഷേത്രം കൈവശം വച്ചിട്ടുള്ള 12.55 ആർ ഭൂമിയിൽ നിന്നും 9 ആർ ഭൂമി മാത്രമാണ് പതിവിനു വിധേയമാക്കുവാൻ അപേക്ഷിച്ചിട്ടുള്ളതെന്നും ആയതിനാൽ ആരാധനാലയങ്ങൾ കൈവശം വച്ചിരിക്കുന്ന ഭൂമി പതിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (2) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ന്യായവിലയുടെ 10% ഈടാക്കി പ്രസ്തുത ഭൂമി പതിവിന് വിധേയമാക്കാമെന്നും പുതുക്കിയ ന്യായവില നിരക്ക് അനുസരിച്ച് ടി ഭൂമിയുടെ 2023-24 ലെ ന്യായവില ആർ ഒന്നിന് 19800/- രൂപയാണെന്നും ആയതിനാൽ നെയ്യാറ്റിൻകര താലൂക്കിൽ പെരുമ്പഴുതൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 24-ൽ റീസർവ്വെ നമ്പർ 223/13 ൽപ്പെടുന്ന 9.00 ആർ ഭൂമി ചെമ്മരുതുംകോട് ചിറ്റടയാറ്റൂർ ശ്രീകണ്ഠൻ ശാസ്താക്ഷേത്രത്തിന്, ടി ഭൂമിയുടെ ആകെ ന്യായവിലയായ 178200/- രൂപയുടെ 10% ആയ 17820/- (പതിനേഴായിരത്തി എണ്ണൂറ്റിയിരുപത് മാത്രം) രൂപ ഈടാക്കി പതിച്ചു നൽകുന്നതിന് പതിവധികാരിക്ക് അനുമതി നൽകികൊണ്ട് ആവശ്യമായ സർക്കാർ ഉത്തരവ് ലഭ്യമാക്കണമെന്നുമാണ് പരാമർശം (3&4) പ്രകാരം ജില്ലാ കളക്ടറും ലാൻറ് റവന്യൂ കമ്മീഷണറും ആവശ്യപ്പെട്ടിരിക്കുന്നത്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1920-30 കാലഘട്ടം മുതൽ ടി ഭൂമി ക്ഷേത്രത്തിന്റെ കൈവശമുള്ളതായി സെറ്റിൽമെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകളുണ്ടെന്ന ജില്ലാ കളക്ടറുടെയും ലാൻറ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പരാമർശം (5) ലെ സർക്കാർ ഉത്തരവിലെ "സെറ്റിൽമെൻറ് രജിസ്റ്ററിൽ നിലവിലെ കൈവശക്കാരന്റെ പേര് ഉൾപ്പെട്ട് വന്നാൽ നിലവിലെ ഫെയർവാല്യുവിന്റെ 5% ഈടാക്കി കൈവശഭൂമി പതിച്ചു നൽകാമെന്ന" വ്യവസ്ഥയുടെ അടിസ്ഥാനത്തിലും നെയ്യാറ്റിൻകര താലൂക്കിൽ പെരുമ്പഴുതൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 24-ൽ റീസർവ്വെ നമ്പർ 223/13 ൽപ്പെടുന്ന 9.00 ആർ ഭൂമി ചെമ്മരുതുംകാട് ചിറ്റടയാറ്റൂർ ശ്രീകണ്ഠൻ ശാസ്താക്ഷേത്രത്തിന് ടി ഭൂമിയുടെ ആകെ ന്യായവിലയായ 178200/- രൂപയുടെ 5% ആയ 8910/- രൂപ (എണ്ണായിരത്തിതൊള്ളായിരത്തിപത്ത് രൂപ മാത്രം) ഈടാക്കി പതിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഇത് സംബന്ധിച്ച നിയമാനുസൃത തുടർ നടപടികൾ തിരുവനന്തപുരം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത എ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ലാൻറ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കലക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരള, തിരുവനന്തപുരം

സെക്രട്ടറി, ചെമ്മരുതുംകോട് ചിറ്റടയാറ്റൂർ ശ്രീകണ്ഠൻ ശാസ്താക്ഷേത്രം
വിവര-പൊതു ജനസമ്പർക്ക(വെബ്& ന്യൂമീഡിയ) വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Sindhu L V
സെക്ഷൻ ഓഫീസർ
Date: 06-02-2026 11:08:09

പകർപ്പ്- ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി. എ.ക്ക്
റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി. എ.ക്ക്